ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി : സാർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ : 2015 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാനങ്ങളുടെ കടമെടുപ്പ് വ്യവസ്ഥ ചെയ്യുന്നത് ഭരണഘടനയുടെ 293-ാം അനുച്ഛേദ പ്രകാരമാണ്. പ്രസ്തുത അനുച്ഛേദത്തിലെ 1-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നത് നിയമസഭ അപ്പപ്പോൾ നിയമംവഴി നിഷ്കർഷിച്ചിട്ടുള്ള പരിധി ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഒരു സംസ്ഥാനത്തിലെ എക്സിക്യൂട്ടീവിന് കടമെടുക്കാനും അതിനുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഗാരണ്ടി നൽകാനും അധികാരമുള്ളൂ എന്നാണ്. 2003-ൽ മാത്രമാണ് നിയമസഭ ഗാരണ്ടി നൽകുന്നത് സംബന്ധിച്ച് പരിധി നിശ്ചയിച്ചുകൊണ്ട് നിയമം കൊണ്ടുവന്നത്. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി ധനകാര്യ ഏജൻസികളിൽനിന്നും ബാങ്കുകളിൽനിന്നും വായ്പയെടുക്കാനായി ഗവൺമെന്റ് ഗാരണ്ടി നൽകിവരുന്നു. 2003-ലെ ഗാരണ്ടി നിയമമനുസരിച്ച് ഏതൊരു വർഷവും ഏപ്രിൽ 1-ാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ 14,000 കോടി രൂപയിൽ കവിയാൻ പാടില്ലെന്നാണ് വ്യവസ്ഥ. അതാണ് ഇപ്പോഴത്തെ സീലിംഗ്. അതാണ് നമ്മൾ ഉയർത്താൻ ഉദ്ദേശിക്കുന്നത്. 31-3-2013-ൽ ബാക്കി നിന്നിരുന്ന ആകെ ഗവൺമെന്റ് ഗാരണ്ടി 9763 കോടി രൂപയായിരുന്നു. 2014-15-ൽ വനിതാ വികസന കോർപ്പറേഷന് 50 കോടി രൂപ, വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ കമ്പനിക്ക് 1910 കോടി രൂപ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1000 കോടി രൂപ, കെ.എസ്.ആർ.ടി.സി-ക്ക് 200 കോടി രൂപ, സഹകരണ കാർഷിക ഗ്രാമവികസന ബോർഡിന് 350 കോടി രൂപ, പിന്നോക്ക വികസന കോർപ്പറേഷന് 250 കോടി രൂപ എന്നിങ്ങനെ നൽകിയിട്ടുണ്ട്. മൊത്തം 13,523 കോടി രൂപ ഗാരണ്ടി നൽകിയിട്ടുണ്ട്. മെട്രോ റെയിൽ, വിഴിഞ്ഞം ഇറമുഖം, കണ്ണൂർ എയർപോർട്ട്, ലൈറ്റ് മെട്രോ എന്നീ പ്രമുഖ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കാൻ സർക്കാർ ഗാരണ്ടി നൽകേണ്ടതുണ്ട്. ഇതിലേയ്ക്ക് ഗാരണ്ടിയുടെ പരിധി ഉയർത്തേണ്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഗവൺമെന്റ് ഗാരണ്ടിയുടെ പരിധി നിർണ്ണയിക്കുന്നതിന് പ്രതിപാദിച്ചുള്ള വ്യവസ്ഥയനുസരിച്ച് അവയുടെ പരിധി 21,000 കോടി രൂപയായി ഉയർത്താവുന്നതാണ്. ഇതിലേക്കാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. റ്റി. ജോർജ്ജ് : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1400 കോടി രൂപയിൽനിന്നും 21,000 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ല് ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്തത്തിന്റെ ഉത്തമ ഉദാഹരണമായി മാറിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചു കൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഉക വർദ്ധിപ്പിക്കുന്നതിനുവേണ്ടി എടുക്കുന്ന തീരുമാനങ്ങൾ തീർച്ചയായും ഗുണകരമാണ്. അതേസമയം കേരളത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഏകദേശം 12538 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്നാണ് സി. ആന്റ് എ.ജി റിപ്പോർട്ടിൽ അടുത്തകാലത്ത് വന്നിട്ടുള്ളത്. പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉക കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ സൂക്ഷ്മത അനിവാര്യമാണ്. തീർച്ചയായും പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന ഈ ഉക അതിന്റെ ഗുണഫലം ലഭ്യമാകുന്ന രീതിയിലാകണം ചെലവഴിക്കേണ്ടത്. ധനകാര്യ സ്ഥാപനങ്ങൾ പണം പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വഴിവിട്ടതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്നലെ നിയമസഭയ്ക്കകത്ത് പറഞ്ഞത്. ഈ സാഹചര്യത്തിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി സർക്കാർ ഗാരണ്ടി നിൽക്കുമ്പോൾ അനുവദിക്കുന്ന ഉകയുടെ വിനിയോഗം പൂർണ്ണമായും പരിശോധിക്കപ്പെടേണ്ടതുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ കെ.എസ്.ഐ.ഡി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. ഈ സ്ഥാപനങ്ങൾക്കൊക്കെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ തീർച്ചയായും സർക്കാർ എടുക്കുന്ന ഈ തീരുമാനങ്ങൾക്ക് കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. എ. റ്റി ജോർജ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

<u>ശ്രീ. എ. റ്റി. ജോർജ്</u> : പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u> : ശ്രീ. എ. റ്റി. ജോർജ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XI അവകാശലംഘന പ്രശ്നങ്ങൾ

(i) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. എ. കെ. ബാലൻ, ശ്രീ. വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. സി. ദിവാകരൻ എം.എൽ.എ. നൽകിയ നോട്ടീസ്, ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസണിനെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പ മന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ്, ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.ക്കെതിരെ ശ്രീ.എ. കെ. ബാലൻ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

(ii) പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly